TINNED FOOD STUFFS—PURCHASE OF

57. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) എത്ര സംഖ്യക്കാണ് മിലിട്ടറിവകുപ്പിൽനിന്നും Tinned Food stuffs കൊച്ചിഗവണ്മെണ്ട് വിലക്കു വാങ്ങിയതു്;

(ബി) എത്ര സംഖ്യ ആ ഇനത്തിൽ ഇതിനകം വിറ്റഴിവുണ്ട്;

(സി) ഇനി എത്ര സംഖ്യക്കുള്ള സ്റ്റോക്കുണ്ട്;

(ഡി) ഈ സാധനങ്ങൾ കൊച്ചീക്കാർക്ക് മാത്രമെ വിറ്റഴിക്കൂ എന്നു വല്ല നിയന്ത്രണവുമുണ്ടോ;

(ഇ) ഈ സാധനങ്ങൾക്കു ഡ്യൂട്ടി ചുമത്തണമെന്നു വല്ല നിർദ്ദേശവും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ സംഖ്യ എത്രത്തോളം വരും;

(എഫ്) ഡ്യൂട്ടി കൂട്ടിക്കൊടുക്കേണ്ടിവന്നാൽ ഈ കച്ചവടം എത്ര സംഖ്യ ലാഭത്തിൽ അല്ലെങ്കിൽ നഷ്ടത്തിൽ കലാശിക്കുമെന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ക. ൫, ൪൯, ന ൫൩—വ— ൭.

(ബി) & (സി) കച്ചവടം കഴിയുന്നതിനു മുമ്പ് ഈ വിവരം പുറത്താക്കുന്നതു് ശരിയായിരിക്കുകയില്ല.

(ഡി) ഇല്ല.

(ഇ) ഈ സംഗതി എഴുത്തുകുത്തിൽ ഇരിക്കുകയാണു്.

(എഫ്) ഇതു് ഇപ്പോൾ പറയുക സാദ്ധ്യമല്ല.

POLITICAL PRISONER—DEFINITION OF

57. Mr. A. Eachara Menon *(Chittur-Tattamangalam):* Will Government be pleased to state.—

(*a*) what is the definition of "Political Prisoner";

(*b*) what were the charges against those who were lately released;

(*c*) who were they?

Mr. B. V. K. Menon *(Secretary to Government):*

(*a*) "Political Prisoner" is a term that does not appear to have been precisely defined. It applies to prisoners accused or convicted of offences against the State under Chapter VI of the Cochin Penal Code.

(*b*) and (*c*) The charges against the following persons released were of the offence of sedition punishable under section 120 Cochin Penal Code.

1. Mr. George Chadayamuri.
2. „ M. K. Sadanandan.
3. „ L. G. Pai.
4. „ E. Narayanan.
5. Mr. K. Sarangadharan.
6. „ K. V. K. Warrier.
7. „ Subramania Ayyar.
8. „ K. M. Methar.

FAIR PRICE SHOPS—ENTRUSTING WITH CO-OPERATIVE SOCIETIES

58. മിസ്റ്റർ പി. വി സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ഗവണ്മെണ്ടു നടത്തുന്ന ന്യായവില ഷാപ്പുകൾ പരസ്പരസഹായസംഘങ്ങളെ ഏല്പിച്ചു കൊടുക്കുവാൻ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ലൈസൻസ്സു പീടികകളും പരസ്പരസഹായസംഘങ്ങൾക്കാണൊ ഏല്പിച്ചു കൊടുക്കുക;

(ബി) ഇപ്പോൾ നിലവിലുള്ള സഹകരണസംഘങ്ങളെയാണൊ അതൊ റേഷൻകാർഡുകാരുടെ സഹകരണസംഘങ്ങൾ രൂപീകരിച്ചു ആ പുതിയ സംഘങ്ങളെയൊ ഈ ചുമതല ഏല്പിക്കുക?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) സർക്കാർ ന്യായവില ഷാപ്പുകളിൽ ചിലതു് പരസ്പരസഹായസംഘങ്ങൾക്കു വിട്ടുകൊടുത്തു അവയുടെ പ്രവർത്തനം പരീക്ഷിച്ചു നോക്കുവാൻ തീർച്ചയാക്കീട്ടുണ്ടു്. ഫലം തൃപ്തികരമെങ്കിൽ ഇത്തരം എല്ലാ ഷാപ്പുകളും ടി സംഘങ്ങളെ ഏല്പിച്ചു കൊടുക്കുന്നതാണു്. ലൈസൻസ്സു പീടികകളെല്ലാം പരസ്പരസഹായസംഘങ്ങൾക്കു വിട്ടുകൊടുപ്പാൻ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

Page 1